
മൊറാഴ
സൗത്ത്
എ.എൽ.പി
സ്കൂൾ



# സ്പന്ദനം

# പ്രാഥമിക വിവരങ്ങൾ

1. സ്കൂളിന്റെ പേര് : മോറാഴ സൗത്ത് എ എൽ പി സ്കൂൾ
2. സ്കൂൾ കോഡ് : 13838
3. റവന്യൂ ജില്ല : കണ്ണൂർ
4. വിദ്യാഭ്യാസ ജില്ല : തളിപ്പറമ്പ്
5. സബ്ജില്ല : തളിപ്പറമ്പ് സൗത്ത്
6. മുനിസിപ്പാലിറ്റി : ആന്തൂർ
7. കാറ്റഗറി : എയിഡഡ്
8. മേൽവിലാസം : മോറാഴ (PO), കണ്ണൂർ, 670331
9. ഇ-മെയിൽ അഡ്രസ്സ് : morazhasouth@gmail.com
10. ക്ലാസുകൾ : 1 മുതൽ 5 വരെ
11. പി ടി എ പ്രസിഡണ്ട് : മനോജ് പി. കെ
12. പ്രധാനധ്യാപിക : [illegible]
13. ആകെ അദ്ധ്യാപകർ : 13

വിദ്യാർത്ഥികളുടെ എണ്ണം ; 324

| വർഷം | ക്ലാസ് | | | | | ആകെ |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | |
| 2013-14 | 51 | 72 | 67 | 74 | 84 | 348 |
| 2014-15 | 52 | 51 | 74 | 70 | 68 | 315 |
| 2015-16 | 62 | 52 | 50 | 75 | 65 | 305 |
| 2016-17 | 63 | 65 | 52 | 48 | 72 | 300 |
| 2017-18 | 80 | 64 | 72 | 53 | 45 | 314 |
| 2018-19 | 58 | 84 | 68 | 72 | 51 | 333 |
| 2019-20 | 52 | 63 | 82 | 68 | 73 | 338 |
| 2020-21 | | | | | | |
| 2021-22 | | | | | | |
| 2022-23 | 65 | 69 | 64 | 59 | 65 | 322 |
| 2023-24 | 64 | 64 | 74 | 64 | 57 | 323 |
| 2024-25 | 65 | 62 | 60 | 78 | 56 | 321 |
| 2026-26 | 60 | 68 | 59 | 59 | 77 | 323 |
| | | | | | | |
| | | | | | | |
| | | | | | | |

# ആമുഖം

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ മാറ്റത്തിന് സർക്കാർ തുടക്കം കുറിച്ചിരിക്കയാണല്ലോ. ഇതിന്റെ ഉണർവ് വിദ്യാഭ്യാസ മേഖലയിലാകെ ദൃശ്യമാണ്. നൂറ്റാണ്ടുകാലത്തെ പാരമ്പര്യമുളള വിദ്യാലയങ്ങൾ പോലും അടച്ചുപൂട്ടി റിയൽ എസ്റ്റേറ്റ് ബിസിനസിനു വളമൊരുക്കിയ കഴിഞ്ഞകാല നയത്തിൽ നിന്നും നാം ഇന്നേറെ മുന്നോട്ടു കുതിച്ചിരിക്കുന്നു. പൊതുസമൂഹത്തിൽ ഭൂരിഭാഗം പേരും അവജ്ഞയോടെ ഇന്നലെവരെ നോക്കിക്കണ്ടിരുന്ന പൊതുവിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ ആകർഷകമായ രീതിയിൽ പുനഃക്രമീകരിക്കപ്പെട്ടിരിക്കുന്നു. ആധുനീക സൗകര്യങ്ങളോട് കൂടിയ ഹൈടെക് ക്ലാസ്മുറികളിലേക്ക് നാം മാറിക്കൊണ്ടിരിക്കയാണ്. ആധുനീക ക്ലാസ്സ് മുറികൾ, ഫർണിച്ചറുകൾ, റൂഫിംഗ്... അങ്ങനെ ഭൗതിക സാഹചര്യങ്ങളൊക്കെത്തന്നെ അനസ്യൂതം വികസിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. പുതിയ ജീവിത സാഹചര്യത്തിൽ വീടുകളിൽ നിന്നും സ്കൂളിലെത്തുന്ന കുട്ടിക്ക് അത് മറ്റൊരു വീടായിത്തോന്നാനുതകുന്ന അന്തരീക്ഷമാണ് നാം സ്കൂളിലൊരുക്കിക്കൊടുക്കാൻ ശ്രമിക്കുന്നത്. ആധുനിക സാങ്കേതിക വിദ്യയിലുണ്ടായ കുതിപ്പ് പരമാവധി കുട്ടികൾക്കുതകുന്ന രീതിയിൽ പ്രയോജനപ്പെടുത്താൻ നമുക്ക് സാധിക്കേണ്ടതായിട്ടുണ്ട്. ഇങ്ങനെ ഭൗതിക രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളൊരുക്കുന്നതിനോടൊപ്പമോ അതിലേറെയോ പ്രധാനപ്പെട്ടതാണ് അക്കാദമിക് രംഗത്ത് നാം അനുവർത്തിക്കേണ്ട പരിഷ്കരണ നടപടികൾ. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിലൂടെ നാം ലക്ഷ്യമിടുന്നതും ഇതു തന്നെയാണ്. ഇതിന് ഉപോൽബലകമായ ഒരു ചുവടുവെപ്പായ് വേണം നാം ഈ അക്കാദമിക മാസ്റ്റർപ്ലാനിനെ സമീപിക്കാൻ. പൊതുവിദ്യാലയങ്ങളിലെ കുട്ടികളെകുറിച്ച് ഇന്നും എന്നും ഉളള വിമർശനം അവർ പൊതുപരീക്ഷകളിൽ പിന്നോക്കം പോകുന്നു എന്നുളളതാണ്. അത് എന്തുകൊണ്ടാണെന്ന് കണ്ടെത്തുകയും അത് മറികടക്കുന്നതിനായ് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനുമുളള ബോധനരീതികളും പരിഹാര ക്രിയകളുമാണ് നാം ഈ അക്കാദമിക് പ്ലാനിലൂടെ ലക്ഷ്യമാക്കുന്നത്.

ഏതൊരു പ്രദേശത്തിന്റെയും സാംസ്കാരിക ഈടുവെപ്പുകളിൽ പ്രധാനമാണ് വിദ്യാലയം. സമൂഹത്തിൽ നിന്ന് ഊർജ്ജമുൾക്കൊണ്ട് കൊണ്ട് വിദ്യാലയങ്ങൾ പരത്തുന്ന വൈജ്ഞാനിക ശോഭയിൽ സമൂഹം പ്രകാശിതമാകുകയും ചെയ്യുന്നു. ചരിത്രപ്രസിദ്ധമായ മോറാഴ- കല്ല്യാശ്ശേരി ഗ്രാമങ്ങൾ- സാമ്രാജ്യത്ത്വത്തിനെതിരെ ജനകീയപ്രതിരോധത്തിന്റെ ആവേശകരമായ അനുഭവങ്ങളുണ്ട് ഈ ഗ്രാമങ്ങൾക്കെല്ലാം. ജനകീയ ഇടപെടലിന്റെ പ്രതിഫലനങ്ങൾ ഈ പ്രദേശത്ത് എല്ലാ രംഗങ്ങളിലും കാണാം. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പ്രസ്ഥാനം കേരളത്തിലാരംഭിക്കുന്നതിനും പതിറ്റാണ്ടു മുമ്പ് തന്നെ ഈ ദൗത്യം ഏറ്റെടുക്കുകയും പ്രവർത്തിപഥത്തിൽ വരുത്തിവിജയകരമായ ചുവടുവെപ്പുനടത്തിയ മാതൃകാപരമായ പാരമ്പര്യം മോറാഴ സൗത്ത് എ എൽ പി സ്കൂളിന് അവകാശപ്പെടാനുണ്ട്. പൊതു വിദ്യാലയങ്ങൾ മെച്ചപ്പെടുത്താനുളള വഴി കുട്ടികളെയും രക്ഷിതാക്കളെയും സ്കൂളിലേക്കാകർഷിക്കുക എന്നുളളതാണ്. ഇതിനു കുറുക്കുവഴികളൊന്നുമില്ലെന്നും മെച്ചപ്പെട്ട ഭൗതിക സാഹചര്യവും ഉയർന്ന പഠനാനുഭവങ്ങൾ സ്കൂളിലൊരുക്കുക എന്നുളളതാണെന്നും മനസ്സിലാക്കി വേറിട്ട പ്രവർത്തനങ്ങൾ പി ടി എ യുടെയും എം പി ടി എയുടെയും, എസ് എസ് ജി യുടെയും മാനേജരുടെയും നേതൃത്വത്തിൽ നാം നടപ്പിലാക്കിവരുന്നു. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് നാന്ദി കുറിക്കാൻ ഞങ്ങൾക്കായിട്ടുണ്ട്. അക്കാദമിക് രംഗത്തും വേറിട്ട പ്രവർത്തനങ്ങളിലൂടെ കണ്ണൂർ ജില്ലയിലെ തന്നെ മികച്ച വിദ്യാലയങ്ങളിലൊന്നാകാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇത് നിലനിർത്തുന്നതോടൊപ്പം തന്നെ ആവശ്യമായ പരിഷ്കരണങ്ങൾ നടപ്പിലാക്കി കുട്ടികളുടെ അക്കാദമിക് മികവ് സർവ്വമേഖലയിലും വിളക്കിയെടുക്കുക എന്നുളളതാണ് ഈ അക്കാദമിക് പ്ലാനിലൂടെ നാം മുന്നോട്ടു വെക്കുന്ന ആശയം.

## അക്കാദമിക രംഗം

1917-ൽ ഒന്നുമുതൽ 4 വരെ ക്ലാസുകളുള്ള എൽ പി സ്കൂളുകളായി അംഗീകാരം ലഭിച്ച മോറാഴ സൗത്ത് എ എൽ പി സ്കൂളിൽ 5 -ാം തരം കൂട്ടിച്ചേർക്കുന്നത് 1934 ലാണ്. 1961-ലാണ് ഇവിടെ മോറാഴ എ യു പി സ്കൂളുമായി ചേർന്ന് ക്ലബ്ബിംഗ് സംവിധാനത്തിൽ ക്രാഫ്റ്റ് അദ്ധ്യാപികയെ നിയമിച്ചത്. ശ്രീമതി എ വി ചന്ദ്രമണി 1998-ൽ പിരിഞ്ഞതോടെ ആ പോസ്റ്റ് ഇല്ലാതായി. 1976 മുതൽ 1980 വരെ വെള്ളിക്കീൽ സ്വദേശി കുഞ്ഞഹമ്മദ് മാസ്റ്റർ ഇവിടെ അറബി അദ്ധ്യാപകനായി പ്രവർത്തിച്ചു. എന്നാൽ മുസ്ലിം കുട്ടികൾ കുറവായിരുന്നതിനാൽ അറബി ക്ലാസ്സ് നഷ്ടപ്പെടുകയും അദ്ദേഹം പ്രൊട്ടക്ഷനിൽ സർക്കാർ സ്കൂളിലേക്ക് പോവുകയും ചെയ്തു. 2003 ൽ വീണ്ടും അറബി അദ്ധ്യാപക തസ്തിക അംഗീകരിച്ച് കിട്ടിയിട്ടുണ്ട്. 2005 ലാണ് കമ്പ്യൂട്ടർ സെന്റർ ആരംഭിച്ചത്. 2015 ൽ എൽ കെ ജി, യു കെ ജി ക്ലാസുകൾ ആരംഭിച്ചു.

നിരവധി വർഷത്തെ കൂട്ടായ്മയിലൂടെ കണ്ണൂർ ജില്ലയിലെ നല്ല വിദ്യാലയങ്ങളിൽ ഒന്നായി മാറാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞു. എത്രയോ വർഷങ്ങളായി എൽ എസ് എസ് പരീക്ഷയിൽ ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികളെ വിജയിപ്പിക്കുന്ന സ്കൂളെന്ന ബഹുമതി ലഭിച്ചിട്ടുണ്ട്. അതു പോലെ സബ്ജില്ലാ ബാലകലോത്സവത്തിലും നിരവധി വർഷങ്ങളിലായി എൽ പി വിഭാഗം ചാമ്പ്യൻഷിപ്പ് തുടർച്ചയായി നേടി വരുന്നു.

## അദ്ധ്യാപക രാക്ഷാകർതൃ സമിതി

ഇക്കാലമത്രയും വളരെ നല്ല അദ്ധ്യാപക രക്ഷാകർതൃ സമിതികളുടെ നേതൃത്വം ലഭിക്കാൻ ഈ വിദ്യാലയത്തിന് ഭാഗ്യമുണ്ടായിട്ടുണ്ട്. ചേവോൻ വലിയ കുഞ്ഞമ്പു, പണ്ടാരൻ കുഞ്ഞമ്പു, ഈച്ച കണ്ണൻ മാസ്റ്റർ, ചിറ്റോത്ത് ഗോവിന്ദൻ, എം വി ഗോപാലൻ മാസ്റ്റർ, എം വി ബാലകൃഷ്ണൻ, എ സി മധുസൂദനൻ, കെ എം ബാലകൃഷ്ണൻ എന്നിവർ പി ടി എ പ്രസിഡണ്ടുമാരായി സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവെച്ചു. ഇപ്പോൾ കെ രജിത്ത്കുമാറും ഈ പാത പിന്തുടരുന്നു. പി ടി എ യുടെ കൂടി താത്പര്യത്തിൽ, സ്കൂളിന്റെ പുരോഗതിയിൽ താൽപരരായ വ്യക്തികളുടെ പേരിൽ 19 എന്റോവ്മെന്റുകൾ ഇതിനകം ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടുത്തെ മുൻ അദ്ധ്യാപകൻ ശ്രീ ഗോപാല വാരിയരുടെ സ്മരണാർത്ഥം മക്കൾ ഏർപ്പെടുത്തിയതാണ് ആദ്യത്തെ എന്റോവ്മെന്റ്. എം വി ഗോപാലൻ മാസ്റ്റർക്ക് അവാർഡായി ലഭിച്ച തുക കൊണ്ടുള്ളതാണ് മറ്റൊരു എന്റോവ്മെന്റ്. പി ടി എ യുടെ ശ്രമഫലമായി തളിപ്പറമ്പ് ബ്ലോക്കിന്റെ സഹായത്തോടെ 1980-ൽ സ്കൂൾ പരിസരത്ത് ഒരു കിണർ കുഴിക്കാൻ സാധിച്ചു. പി ടി എ യുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സഹായത്തോടെയാണ് പമ്പ് സെറ്റ്, മൈക്ക്, എല്ലാ ക്ലാസ്സിലും ഫാൻ, സ്റ്റീൽ അലമാര എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്താനായത്.

പി ടി എ അവാർഡ് ഏർപ്പെടുത്തിയതുമുതൽ ഈ വിദ്യാലയത്തിന് തുടർച്ചയായി അവാർഡ് ലഭിക്കുന്നുണ്ട്. ആറ് തവണ ജില്ലാതലത്തിലും ഒരു തവണ സംസ്ഥാനതലത്തിലും 9 തവണ സബ്ജില്ലാതലത്തിലും അവാർഡ് ലഭിച്ചു.

## ആധുനിക വൽക്കരണത്തിലേക്ക്

2004 - ൽ ശ്രീ ടി ഗംഗാധരൻ മാസ്റ്റർ ഹെഡ്മാസ്റ്ററായപ്പോഴാണ് സ്കൂളിന്റെ ആധുനിക വൽക്കരണത്തിനുള്ള ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. പുതിയ കെട്ടിടങ്ങൾ, പുതിയ ഫർണ്ണിച്ചറുകൾ,

ഓരോ മുറിയിലും വൈദ്യുത വിളക്ക്, ഫാൻ, അലമാര, മെച്ചപ്പെട്ട തറ, ടെലിവിഷൻ, ഡി വി ഡി പ്ലെയർ. മൈക്ക് സെറ്റ്, ക്ലാസ്സ് റൂം ലൈബ്രറി, റഫറൻസ് ലൈബ്രറി, മെച്ചപ്പെട്ട മൂത്രപ്പുരയും കക്കൂസും, ടൈൽസ് പതിച്ച മുറ്റം എന്നിങ്ങനെ ഇന്നു കാണുന്ന നിരവധി മാറ്റങ്ങൾ മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്തിരുന്നു. മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് മാനേജർ അദ്ദേഹത്തിന്റെ പരമാവധി ശേഷി ഉപയോഗിച്ചപ്പോൾ അതിനോടൊപ്പം പൂർവ്വ വിദ്യാർത്ഥികളും രക്ഷിതാക്കളും നാട്ടുകാരുമെല്ലാം ചേർന്നു. അക്കാലത്ത് വെറും ആഗ്രഹങ്ങൾ മാത്രമായിരുന്ന പല നിർദ്ദേശങ്ങളും പടിപടിയായി യാഥാർത്ഥ്യമായി. മൂത്രപ്പുര നിർമ്മിക്കുന്നതിനായി തൊട്ടടുത്ത പറമ്പിന്റെ ഉടമയായ ശ്രീ എ കെ ചന്ദ്രശേഖരൻ 2 സെന്റ് സ്ഥലം നാമമാത്രമായ വിലയ്ക്ക് നൽകി സഹായിച്ചു. തുടർന്ന് 2008- ൽ ഹെഡ്മിസ്ട്രസ്സായി വന്ന പി കെ ഗിരിജയുടെയും പി ടി എ പ്രസിഡണ്ടുമാരായി വന്ന എ സി മധുസൂദനൻ, കെ എം ബാലകൃഷ്ണൻ നിവരുടെയും നേതൃത്വത്തിൽ ആധുനീക വൽക്കരണ ശ്രമങ്ങൾ തുടർന്ന് കൊണ്ടിരിക്കുകയാണ്. 2010 മുതൽ സ്കൂളിന് സ്വന്തമായി വാഹന സൗകര്യമുണ്ട്. കഴിവുറ്റ യുവ അദ്ധ്യാപകരുടെ ഒരു നിര അക്കാദമിക് പ്രവർത്തനങ്ങളും മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്. മാനേജർ സുനിൽ കുമാറിന്റെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങൾ മാധ്യമങ്ങളിൽ ചർച്ചയായതോടെ പുറത്തു നിന്നും സ്കൂളിന് സഹായ വാഗ്ദാനങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇന്ന് തളിപ്പറമ്പ് സൗത്ത് സബ് ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന രണ്ടാമത്തെ എൽ പി സ്കൂളാണ് മൊറാഴ സൗത്ത് എൽ പി സ്കൂൾ അദ്ധ്യാപകർ, മാനേജർ, രക്ഷിതാക്കൾ, ഈ ഘടകങ്ങളെല്ലാം കൂട്ടായി ശ്രമിച്ചാൽ മെച്ചപ്പെട്ട വിദ്യാലയം രൂപപ്പെടുമെന്നതിന് ഉദാഹരണമാണീ വിദ്യാലയം.

കാഴ്ചപ്പാട്

# എന്റെ വിദ്യാലയം

- ആധുനീക സൗകര്യങ്ങളോടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഉള്ളിടം
- ശിശുസൗഹൃദപരം
- കലയുടെ കേളീഭവനം
- എല്ലാവർക്കും തുല്യനീതി ലഭിക്കുന്നിടം
- ശാസ്ത്രാഭിരുചി വളരുന്നിടം
- കായികമികവിന്റെ കേന്ദ്രം
- പരസ്പര സൗഹാർദ്ദ അന്തരീക്ഷം
- സാമൂഹ്യാവബോധം വളരുന്നിടം
- പ്രകൃതി സൗഹൃദപരം
- വായന പൂക്കുന്നിടം
- വിവരസാങ്കേതിക വിദ്യയുടെ വിളനിലം
- ഹരിതവിദ്യാലയം
- ദിനാചരണങ്ങൾ ഉത്സവങ്ങളാകുന്നിടം
- വേറിട്ട ബോധനരീതികളുടെ വിളനിലം
- അർപ്പണബോധമുള്ള അധ്യാപകരുള്ളിടം
- സമഭാവനയുള്ളിടം
- സാന്ത്വനകേന്ദ്രം
- സർഗശേഷിവികസനകേന്ദ്രം
- കായികക്ഷമതാകേന്ദ്രം
- കുട്ടിശാസ്ത്രജ്ഞന്മാരെ സൃഷ്ടിക്കുന്നിടം
- ഗൃഹാന്തരീക്ഷം സൃഷ്ടിക്കുന്നിടം
- കുട്ടികൾ സന്തോഷത്തോടെ കഴിയുന്നിടം
- ശുചിത്വവിദ്യാലയം
- മികവിന്റെ കേന്ദ്രം

# നേട്ടങ്ങൾ

- ആന്തൂർ മുൻസിപ്പാലിറ്റിയിലെ ഏറ്റവും കൂടുതൽ കുട്ടികളുള്ള LP വിദ്യാലയം
- ഏറ്റവും കൂടുതൽ വർഷങ്ങളിൽ കലോത്സവ ചാമ്പ്യൻഷിപ്പ് നേടിയ വിദ്യാലയം
- മുൻസിപ്പൽ പരിധിയിലെ വിദ്യാലയങ്ങളിൽ ഏറ്റവും കൂടുതൽ LSS നേടിയ വിദ്യാലയം
- 9 തവണ സബ് ജില്ലാ തല PTA Award

  6 തവണ ജില്ലാ തല PTA Award

  1 തവണ സംസ്ഥാന തല PTA Award
- ശാസ്ത്ര - ഗണിത ശാസ്ത്ര - സാമൂഹ്യ ശാസ്ത്ര പ്രവൃത്തി പരിചയമേളകളിൽ മികവാർന്ന വിജയം
- യുറീക്കാ വിജ്ഞാന പരീക്ഷയിൽ തിളക്കമാർന്ന വിജയം
- അരോളിശാന്തിപ്രഭ ജില്ലാതലകലാമത്സരങ്ങളിൽ ചാമ്പ്യൻഷിപ്പ്

★ 40 അംഗ സ്കൂൾ ബാന്റ് സെറ്റ്
★ കളരി - യോഗ ഇനങ്ങളുടെ പരിശീലനം
★ MLA എക്സലൻസ് അവാർഡ്
★ കായിക മേളയിൽ നേട്ടങ്ങൾ
★ പ്രാദേശിക സംവാദ സദസ്സുകൾ
★ 'Junior Jamboree' [illegible] ഇവന്റ്

# സവിശേഷതകൾ

- മെച്ചപ്പെട്ട സാമൂഹ്യ പിന്തുണ
- അടച്ചുറപ്പുള്ളതും Partician ചെയ്തതുമായ ക്ലാസ് മുറികൾ
- ശക്തമായ പി ടി എ
- ആത്മാർത്ഥതയും കഠിനാധ്വാനവും കൈമുതലായതും കേരളത്തിനാകെ മാതൃകയായതുമായ മാനേജർ
- പൂർവ്വ വിദ്യാർത്ഥികളുടെ സഹായം
- പൂർവ്വ അധ്യാപകരുടെ പിന്തുണ
- നിർധനരും മിടുക്കരുമായ കുട്ടികൾക്കു വേണ്ടിയുള്ള 19 എൻഡോവ്മെന്റുകൾ
- കുടിക്കാൻ കിണർ വെള്ളം
- റോഡ് സൗകര്യം
- ജൈവവൈവിധ്യ ഉദ്യാനമായ നീലിയാർ കോട്ടത്തിന്റെ സാമീപ്യം
- അമ്പലം, അമ്പലപ്പറമ്പ്, അമ്പലകുളം എന്നിവയുടെ സാമീപ്യം
- നെയ്ത്തുശാലകൾ, മരമില്ല്, റേഷൻ കട Post Office, Bank, മാവേല സ്റ്റോർ, വായനശാല തുടങ്ങിയവയുടെ സാമീപ്യം
- അധ്യാപകരുടെയും അധ്യാപകേതര ജീവനക്കാരുടെയും PTA, SSG മാനേജർ എന്നിവരുടേയും കൂട്ടായ്മ
- 10 കേന്ദ്രങ്ങളിലെ മാതൃ കൂട്ടായ്മകളുടെ സവിശേഷമായ പിന്തുണയും പ്രവർത്തനങ്ങളും
- BRC, Diet, AEO Office മുതലായ സ്ഥാപനങ്ങളുടെ നിർലോഭമായ സഹായസഹകരണങ്ങൾ.

## A. അക്കാദമിക പ്രവർത്തനങ്ങൾ

മേഖല : ഭാഷ

ടാർജറ്റ് ഗ്രൂപ്പ്- I – V

| ക്രമ നമ്പർ | പഠനപ്രശ്നങ്ങൾ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | കുട്ടികൾക്ക് ഭാഷ തെറ്റു കൂടാതെ എഴുതാനും വായിക്കാനും പ്രയാസം നേരിടുന്നു. | എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായിവായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ❖ പത്രങ്ങൾ, മാസികകൾ തുടങ്ങിയവയിൽ നിന്ന് പദങ്ങൾ കണ്ടെത്തൽ ചിത്രങ്ങൾ നോക്കി വിവരണം പറയൽ, എഴുതൽ, വായിക്കൽ<br>❖ വാർത്ത, ഡയറി എന്നിവ എഴുതൽ, വായിക്കൽ, പദകേളികൾ | 6 മാസം | അധ്യാപകർ, രക്ഷിതാക്കൾ | |
| 2 | പാഠ്യ - പാഠ്യേതര വായനയിൽ താൽപര്യ കുറവ് | കുട്ടിയെമികച്ച വായനക്കാരൻ ആക്കുക. ലൈബ്രറി സൗകര്യം മെച്ചപ്പെടുത്തുക. | ❖ അധ്യാപകർ എല്ലാ ദിവസവും ഒരോ പുസ്തകങ്ങൾ വീതം വായിച്ച് അവതരിപ്പിക്കുക (ആദ്യഘട്ടം)<br>❖ പുസ്തകങ്ങളിലെ കഥകൾ ജിജ്ഞാസ ഉണർത്തുന്ന തരത്തിൽ പകുതി വായിച്ച് നിർത്തുക ശേഷം കുട്ടികൾ വായിക്കുക<br>❖ സ്കൂളിനെ വായനശാലകളുമായി ബന്ധിപ്പിക്കൽ<br>❖ അമ്മമാർക്ക് ലൈബ്രറിയെ കുറിച്ച് ബോധവൽക്കരണം<br>❖ അമ്മ വായന പ്രോത്സാഹിപ്പിക്കുക<br>❖ വായനാനുഭവം പങ്കുവയ്ക്കുക | എല്ലാ ദിവസവും | അധ്യാപകർ, പി ടി എ, MPTA, SRG | 1 ലക്ഷം |

| ക്രമ നമ്പർ | പഠനപ്രശ്നങ്ങൾ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- | --- |
| 3 | ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ കുട്ടികൾക്ക് പ്രയാസം അനുഭവപ്പെടുന്നു. | ആസ്വാദന ക്കുറിപ്പ് തയ്യാറാക്കുന്നതിന് എല്ലാവരെയും സജ്ജമാക്കൽ | കുട്ടികൾക്ക് ഇഷ്ടപ്പെടുന്നതും നിലവാരത്തിനനുയോജ്യമായ കഥകളും, കവിതകളും ക്ലാസ്സിൽ അവതരിപ്പിക്കൽ, വിദഗ്ധരെ പങ്കെടുപ്പിച്ച് അധ്യാപകർക്കും കുട്ടികൾക്കും മാതൃക ക്ലാസ്സുകൾ സംഘടിപ്പിക്കൽ, ലഘു കവിതകൾ നൽകി ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | 6 മാസം | അധ്യാപകർ | |
| 4 | വ്യവഹാര രൂപങ്ങളെ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് മാറ്റാൻ പ്രയാസം നേരിടുന്നു. | ഒരു സാഹിത്യരൂപത്തെ മറ്റുവിവിധ രൂപത്തിലേക്ക് മാറ്റാനുള്ള കഴിവ് വർദ്ധിപ്പിക്കൽ | കഥ സംഭാഷണം നാടകം തുടങ്ങിയ തലത്തിലേക്ക് രചന നടത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ സർഗ വേളയിൽ സംഘടിപ്പിക്കുന്നു. | 1 വർഷം | അധ്യാപകർ, സാഹിത്യകാരൻ മാർ | |
| 5 | സർഗാത്മക രചനകളിൽ പ്രയാസം അനുഭവപ്പെടുന്നു. | സർഗാത്മക രചന നടത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക | ❖ കഥയരങ്ങ്, കവിയരങ്ങ്, രചനാ ശിൽപശാലകൾ എന്നിവ സംഘടിപ്പിക്കൽ<br>❖ രൂപപ്പെടുന്ന ഉൽപന്നങ്ങൾ മാസികയായി പ്രസിദ്ധീകരിക്കൽ<br>❖ മാസികകൾ പഠനോപകരണങ്ങളായി ഉപയോഗിക്കൽ<br>❖ സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ | 3 മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | 10000 രൂപ. |

മേഖല :ഇംഗ്ലീഷ്

| ക്രമ നമ്പർ | പഠനപ്രശ്നങ്ങൾ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് ഫല പ്രദമായി സംസാരിക്കാനുള്ള വിഷമം | ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കൽ | ❖സ്കൂളിൽ ഇംഗ്ലീഷ് അന്തരീക്ഷം ഉണ്ടാക്കാൻ വേണ്ടി അധ്യാപകരും കുട്ടികളും ഇംഗ്ലീഷിൽ ലളിതമായ ആശയ വിനിമയം നടത്തുക<br>❖ഇംഗ്ലീഷ് അസംബ്ലി<br>❖ഇംഗ്ലീഷ് വാർത്തകൾ എല്ലാ ദിവസവും കേൾപ്പിക്കൽ<br>❖ഭാഷാ സർക്കിളുകൾ രൂപപ്പെടുത്തുക - ആദ്യം അധ്യാപകർക്ക് വേണ്ടിയും പിന്നീട് കുട്ടികൾക്ക് വേണ്ടിയും തുടക്കത്തിൽ സർക്കിൾ ചർച്ചയ്ക്ക് നേതൃത്വം നൽകാൻ അനുയോജ്യരായവരുടെ സഹായം ഉറപ്പാക്കണം | എല്ലാ ദിവസവും<br>ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം | അധ്യാപകർ<br>ഇംഗ്ലീഷ് ക്ലബ്ബ് | |
| 2 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും കഴിയുന്നില്ല. | ഇംഗ്ലീഷ് ഭാഷാ ശേഷി വർദ്ധിപ്പിക്കൽ | ❖അസംബ്ലിയിൽ ഇംഗ്ലീഷ് വർത്തകൾ വായിപ്പിക്കൽ<br>❖ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് Day ആചരിക്കൽ<br>❖Magic Wall, Hello English, English Theatre എന്നിവ പരമാവധി പ്രയോചനപ്പെടുത്തൽ | ആഴ്ചയിൽ 1 ദിവസം | ഇംഗ്ലീഷ് അധ്യാപകർ | 10,000 രൂപ |
| 3 | സർഗാത്മക രചനകൾ നടത്താൻ വിഷമം അനുഭവപ്പെടുന്നു | കഥാപൂരണം, കവിതാ പൂരണം, സംഭാഷണം എന്നീ രചനകളിൽ മികവ് നേടൽ | ❖ഇംഗ്ലീഷ് ക്യാമ്പുകൾ സംഘടിപ്പിക്കൽ<br>❖ഇംഗ്ലീഷ് ഫെസ്റ്റ് നടത്തൽ | 2 മാസത്തിൽ ഒരിക്കൽ | | |

മേഖല :ഗണിതം

| ക്രമ നമ്പർ | പഠനപ്രശ്നങ്ങൾ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | ഗണിത പഠനത്തിൽ താൽപര്യമില്ലായ്മ | ഗണിതം മധുരമാക്കൽ | ❖ഗണിത രൂപങ്ങൾ സ്കൂൾ പരിസരത്ത് ആലേഖനം ചെയ്യൽ<br>❖ഗണിത കേളികൾ, മാജിക്ക്യൂബ്സ് തുടങ്ങിയവ പ്രയോജനപ്പെടുത്തൽ<br>❖ഗണിത പഠനവുമായി ബന്ധപ്പെട്ട Teaching Aidsയഥേഷ്ടം ക്ലാസിൽ ഉപയോഗിക്കൽ<br>❖ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ സജീവമാക്കൽ | എല്ലാദിവസവും | അധ്യാപകർ | |
| 2 | ചതുഷ്ക്രിയകൾ ഉറയ്ക്കുന്നില്ല | ചതുർക്രിയകൾ ഉറപ്പിക്കൽ | ❖ഗണിത ലാബിലുള്ള സാമഗ്രികൾ ഉപയോഗപ്പെടുത്തി കൊണ്ടുള്ള പ്രവർത്തനങ്ങൾ സാധന സംയുക്തമായും അല്ലാതെയും ചെയ്യിക്കൽ.<br>❖മനകണക്കുകൾ ധാരാളംചെയ്യിക്കൽ<br>❖പാറ്റേണുകൾ, പസിലുകൾ, മാന്ത്രിക ചതുരങ്ങൾ, ഏണിയും പാമ്പും തുടങ്ങിയവ ക്ലാസ്സിൽ ഉപയോഗിക്കൽ | എല്ലാദിവസവും | അധ്യാപകർ | |
| 3 | ഭിന്ന സംഖ്യകളുമായി ബന്ധപ്പെട്ട പ്രയോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യാൻ കഴിയുന്നില്ല | ഭിന്ന സംഖ്യകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ കുട്ടികളെ സജ്ജമാക്കൽ | ❖ആഹാരവുമായി ബന്ധപ്പെട്ട പ്രയോഗിക പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തൽ<br>❖അളവ് പാത്രങ്ങൾ പരിചയപ്പെടുത്തൽ<br>❖Maths Corner ഫലപ്രദമായി ഉപയോഗിക്കൽ<br>❖കൂടുതൽ ഗണിത പ്രശ്നങ്ങൾ ബോധപൂർവ്വം ക്ലാസ്സിൽ സൃഷ്ടിക്കൽ<br>❖ഭിന്ന സംഖ്യയുമായി ബന്ധപ്പെട്ട TLM ക്ലാസ്സിൽ ഫലപ്രദമായി ഉപയോഗിക്കൽ<br>❖ഭിന്ന സംഖ്യയുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ ക്ലസ്സിൽ നിർമ്മിക്കുക<br>❖ICT ഉപയോഗിച്ചുള്ള പഠനം | പഠനസമയത്ത് | ഗണിത അധ്യാപകൻ | |

## B. ഭൗതിക പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | പ്രശ്നങ്ങൾ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | സ്കൂൾ ക്യാമ്പസിൽ സാമൂഹ്യവിരുദ്ധരുടെ ഇടപ്പെടൽ | സുരക്ഷിതമായി സ്കൂൾ ക്യാമ്പസിനെ സംരക്ഷിക്കൽ | ❖ പൂർത്തിയാകാത്ത സ്ഥലങ്ങളിൽ ചുറ്റുമതിൽ പൂർത്തിയാക്കൽ<br>❖ മുൻവശത്തെ ചുറ്റുമതിൽ TLM BALA ആയി ഉപയോഗിക്കത്തക്ക വിധത്തിൽ ആകർഷകമാക്കൽ | 1 വർഷം | PTA, SSG, മനേജർ | 10 ലക്ഷം |
| 2 | സ്കൂൾ അനാകർഷകത്വം | സ്കൂൾ ആകർഷകമാക്കൽ | ❖ ആകർഷണീയമായ വിധത്തിൽ സ്കൂളിന്റെ കവാടം നിർമ്മിക്കൽ, പേരെഴുതൽ | 6 മാസം | PTA, SSG | 2 ലക്ഷം |
| 3 | സൗകര്യമില്ലാത്ത ഓഫീസ് മുറി | ആധുനികരീതിയിലുള്ള ഡിജിറ്റലൈസ്ഡ് ഓഫീസ് മുറി | ❖ വിദ്യാലയത്തിലെ വിവിധ രജിസ്റ്ററുകൾ ഡിജിറ്റൽ രൂപത്തിലാക്കൽ, സൂക്ഷിക്കൽ, ആവശ്യമായ വിവരം വേഗത്തിൽ ലഭ്യമാക്കൽ | 2 വർഷം | HM, SRG കൺവീനർ | 5 ലക്ഷം |
| 4 | ആരോഗ്യ കായിക വിനോദ ഉപാധികളുടെ കുറവ് | ആരോഗ്യകായിക വിനോദ ഉപാധികൾ കുട്ടികൾക്ക് ലഭ്യമാക്കൽ | ❖ കുട്ടികളുടെ പാർക്കിൽ പുതിയ കളി ഉപകരണങ്ങൾ സ്ഥാപിക്കൽ | 6 മാസം | PTA, SSG | 5 ലക്ഷം |

## C. സാമൂഹികം

| ക്രമ നമ്പർ | പ്രശ്നങ്ങൾ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത | സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | ❖ പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചുചേർക്കൽ - വിദ്യാലയത്തിന്റെ ആവശ്യം അവതരിപ്പിക്കൽ, ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | PTA, SSG | 5,000 |
| 2 | സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത | സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | ❖ പൂർവ്വ അധ്യാപക സംഗമം രൂപീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സ്റ്റാഫ് കൗൺസിൽ | 10,000 |
| 3 | സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത | നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | ❖ വിദ്യാലയ പരിസരത്തുള്ള അംഗൻവാടികളിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കൽ ഭക്ഷണം നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | PTA | 20,000 |
| 4 | സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത | നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | ❖ വിദ്യാലയ പരിസരം വിവിധ മേഖലയായി തിരിച്ച് രക്ഷിതാക്കൾക്ക് സന്ധ്യാസമയത്ത് PTA യോഗം ചേരൽ | മാസത്തിൽ ഒരു പ്രാവശ്യം | SSG, SRG | 20,000 |
| 5 | കുട്ടികളുടെ മികവുകളും പോരായ്മകളും രക്ഷിതാക്കളിൽ മുഴുവനായി എത്തിക്കാൻ കഴിയുന്നില്ല | മാതൃകൂട്ടായ്മകളുടെ പ്രവർത്തനം കാര്യക്ഷമതയാക്കൽ | ❖ ഒരോ മാതൃ കൂട്ടായ്മയിൽ വച്ച് കുട്ടികളുടെ മികവുകളുടെ അവതരണവും രക്ഷിതാക്കൾക്കും കുട്ടികൾക്കും കലാ മത്സരങ്ങൾ സംഘടിപ്പിക്കൽ സമകാലിക പ്രസക്തിയുള്ള വിഷയത്തിൽ രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ്സ്, ക്വിസ്, ഒറിഗാമി, കരകൗശല ഉൽപന്നങ്ങളുടെ നിർമ്മാണം തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒരു പ്രാവശ്യം | SRG, PTA, SSG | 10,000 |

| ക്രമ നമ്പർ | പ്രശ്നങ്ങൾ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 6 | പുതിയ തലമുറ ജീവ കാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നില്ല | വിദ്യാലയത്തെ എല്ലാ കുട്ടികളെയും നല്ല മനുഷ്യരായി വളർത്തുക | ❖ വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരും രക്ഷിതാക്കളും അവനവനാൽ കഴിയുന്ന തുക കാരുണ്യപ്പെട്ടിയിൽ നിക്ഷേപിക്കുക. തങ്ങൾക്ക് അറിയാവുന്ന അനാഥർ, അനാഥാലയം ആശുപത്രി എന്നിവയ്ക്കീ തുക ചിലവഴിക്കുക.<br>❖ ആഴ്ചയിൽ ഒരു ദിവസം കുട്ടികളും അധ്യാപകരും അവിടം സന്ദർശിച്ച് അവർക്ക് സാന്ത്വനമേകുക | മാസത്തിൽ ഒരു പ്രാവശ്യം | PTA,SRG | |
| 7 | മത്സരപരീക്ഷകളിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ | അറിവിന്റെ ജനകീയവൽക്കരണം | ❖ സ്കൂളിലെ LSS പരീക്ഷ, ക്വിസ് മത്സരങ്ങൾ എന്നിവയ്ക്ക് അധ്യാപരും പൂർവ്വാധ്യാപകരും ചേർന്നു നൽകുന്ന ക്ലാസ്സുകൾ<br>❖ വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറാകുന്ന പൂർവ്വ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും പരിശീലനം നൽകൽ. അധ്യാപകരും പൂർവ്വാധ്യാപകരും ഉൾപെടുന്ന സമിതിക്ക് പരിശീലനത്തിന്റെ നേതൃത്വം | എല്ലാ ദിവസവും<br>ആഴ്ചയിലൊരു ദിവസം | അധ്യാപകർ<br>അധ്യാപകർ, പൂർവ്വാധ്യാപകർ | |
| 8 | മറ്റു വിദ്യാലയങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾ അധ്യാപകർ അറിയാത്തതിന്റെ അപര്യാപ്തത | മികവാർന്ന പഠ്യപാഠാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ | ❖ മികവാർന്ന പ്രവർത്തനങ്ങൾ നടത്തുന്ന വിദ്യാലയങ്ങളിലേക്ക് അധ്യാപകരും വിദ്യാർത്ഥികളും ക്ലാസ്സ് തിരിച്ച് യാത്ര നടത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | PTA,SRG | 5,000 |

| ക്രമ നമ്പർ | പ്രശ്നങ്ങൾ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 9 | അധ്യാപക - രക്ഷാകർതൃബന്ധം ശിഥിലമാകുന്ന അവസ്ഥ | അധ്യാപക - രക്ഷാകർതൃബന്ധം ശക്തമാക്കൽ | ❖ PTA, MPTA അധ്യാപകർ എന്നിവർ സംയുക്തമായി വിവിധ കലാപരിപാകൾ കുട്ടികൾക്ക് വേണ്ടി അവതരിപ്പിക്കൽ<br>❖ കുട്ടികൾ രക്ഷിതാക്കൾക്ക് സമ്മാനങ്ങൾ നൽകൽ<br>❖ കുട്ടികളുടെ ജഡ്ജി പാനൽ വിലയിരുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | PTA, MPTA, SRG | |
| 10 | വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടാത്ത അവസ്ഥ | വിദ്യാലയ വിഭവം സമൂഹവുമായി പങ്കിടൽ | ❖ വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ നാട്ടിലെ വായനാതത്പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകൽ, നല്ല വായനക്കാരനെ ആദരിക്കൽ | ആവശ്യാനുസരണം | ലൈബ്രേറിയൻ | |
| 11 | മായം കലർന്ന ഭക്ഷണം കഴിക്കേണ്ട അവസ്ഥ | വീടുകളിൽ കൃഷി ചെയ്ത് സ്വയം വിഭവങ്ങൾ വിളയിച്ചെടുക്കൽ | ❖ മാതൃ കൂട്ടയ്മകൾ ഉപയോഗിച്ച് സ്കൂളിലും വീടുകളിലും കൃഷി ചെയ്യൽ | എല്ലാ സമയങ്ങളിലും | PTA, MPTA | 5,0000 |

## ഉപസംഹാരം

മനുഷ്യനെ മനുഷ്യനാക്കുന്ന മഹാ പ്രക്യയയാണ് വിദ്യാഭ്യാസം. ഈ രംഗത്തെ സ്വകാര്യവത്കരണം ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ഈ അവസ്ഥയ്ക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം.

പഠനം എന്നത് മനുഷ്യനോടൊപ്പം രൂപം കൊണ്ടതും വളർന്നുവന്നതുമായ പ്രക്രിയയാണ്. വിദ്യാഭ്യാസത്തിന്റെ വിമോചന - ലക്ഷ്യത്തെ കാലത്തിനിണങ്ങും വിധം വളർത്തികൊണ്ടുപോകാനുള്ള ചുമതല നമുക്കുണ്ട്. മെച്ചപ്പെട്ട രീതിയിൽ പഠിക്കൻ അവസരം കിട്ടുകയെന്നത് ഓരോ കുട്ടിയുടെയും അവകാശമാണ്. സാമ്പത്തികമോ, സാംസ്കാരികമോ, സാമൂഹികമോ, ഭാഷാപരമോ, ശാരീരികമോ, സ്ത്രീ പുരുഷഭേദപരമോ ആയ വേർതിരിവുകൾ ഈ അവകാശത്തെ നിഷേധിക്കുന്നതിന് കാരണമാകരുത്.

പല കാരണങ്ങളായും വീട്ടിൽ അനുകൂല അന്തരീക്ഷമില്ലാത്തത് പഠന പക്രിയയെ ബാധിച്ചിരിക്കാം. അതിനാൽ വിദ്യാലയത്തിൽ നിന്നു തന്നെ അത് കണ്ടെത്തുകയും അതിനുള്ള പരിഹാര ബോധന ക്രിയകൾ കണ്ടെത്തി നടപ്പിലക്കുകയും ചെയ്യുക എന്നുള്ളത് ഏറെ പ്രാധാന്യമുള്ളതാണ്. കുട്ടികൾക്കാവശ്യമായ പരമാവധി വ്യത്യസ്തവും വേറിട്ടതുമായ സാഹചര്യങ്ങൾ ഈ അക്കദമിക് പ്ലാനിലൂടെ ഒരുക്കാനാണ് ഞങ്ങൾ ശ്രമിച്ചിട്ടുള്ളത്. ഇത് കേവലം കടലാസിലൊതുക്കാതെ ലക്ഷ്യബോധത്തോടെയുള്ള കഠിന പരിശ്രമമായിരിക്കണം ഇനി നമ്മുടെ മുന്നിലുള്ളത്.

പൊതു വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റത്തിലൂടെയാണ് നാം അനുദിനം കടന്നു പോകുന്നത്. ഈ അനസ്യൂതമായ പ്രക്യയയിൽ ആർക്കും മാറി നിൽക്കാനാവില്ല. പൊതു വിദ്യാഭ്യാസ മേഖലയുടെ അലകും പിടിയും മാറ്റി മറിക്കുന്നതിനുള്ള ഈ യജ്ഞത്തിൽ എന്നും ഇതിനോടൊപ്പമോ അൽപം മുന്നിലോ ചരിക്കാൻ മോറാഴ സൗത്ത് എ എൽ പി സ്കൂൾ ആർജവത്തോടെയുണ്ടാകുമെന്ന പ്രതിജ്ഞയോടെ............